ശ്രീ. വി. സി. കബീർ: ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനായി ഉന്നത തലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടാൻ തയ്യാറാകുമോ?

മി. സ്പീക്കർ: അതു ത്വരിതപ്പെടുത്താമെന്നു പറഞ്ഞല്ലോ.....

(2) പറമ്പിക്കുളം-അളിയാർ അന്തർ-സംസ്ഥാന നദീജല കരാർ പുതുക്കി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. എ. ചന്ദ്രൻ: സർ, പറമ്പിക്കുളം-അളിയാർ അന്തർ-സംസ്ഥാന നദീജല കരാർ കഴിയുംവേഗം പുതുക്കി നടപ്പിലാക്കേണ്ട ആവശ്യകത സംബന്ധിച്ചാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. പറമ്പിക്കുളം-അളിയാർ കരാർ പുനരവലോകനം ചെയ്യൽ ഇതുവരെ അർഹിക്കുന്ന ഗൗരവത്തിൽ മുൻകാല ഗവൺമെന്റുകൾ നടത്തിയില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും അതീവതാൽപ്പര്യമെടുക്കുന്നുണ്ട് എന്നതിൽ സന്തോഷമുണ്ട്. എങ്കിലും അതിന്റെ ഗുണഫലങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. കൂടാതെ പറമ്പിക്കുളം-അളിയാർ കരാർ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുന്നതിന് സഹായകമായി പഠിച്ച് റിപ്പോർട്ടുകൾ നൽകാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് എന്നാണ് അറിയുന്നത്. അതിന്റെ വിശദാംശങ്ങൾ അറിയുകയും അതനുസരിച്ച് കാര്യങ്ങൾ കഴിയുംവേഗം നടപ്പിലാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പറമ്പിക്കുളം-അളിയാർ കരാർ ലംഘനം തമിഴ്നാട് ഗവൺമെന്റ് ഇന്ന നിലയിലൊക്കെയാണ് ചെയ്യുന്നതെന്ന് പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അത്രയ്ക്ക് കരാർ ലംഘനം അവർ നടത്തുന്നു. ഈ കരാർ ലംഘനം നമ്മൾ കണ്ടിട്ടും അതിന് കത്ത് മുഖേന പ്രതികരിച്ചാൽ മതിയോ? പോരാ. പാലക്കാട് ജില്ലയിലെ മിക്ക സ്ഥലങ്ങളും വരൾച്ചയുടെ പിടിയിലാണ്. തമിഴ്നാട്ടിൽ നിന്ന് വെള്ളം ലഭിച്ചെങ്കിൽ മാത്രമേ ചെറിയൊരാശ്വാസം ലഭിക്കുകയുള്ളൂ. ഈ സ്ഥിതിയിൽ കരാർ ലംഘനം നടത്തുമ്പോൾ കണ്ടിരിക്കുക അസാധ്യമാണ്. കരാറിൽത്തന്നെ പറഞ്ഞ വ്യവസ്ഥയനുസരിച്ച് ആർബിട്രേഷന് പോകാവുന്നതാണ്. അതിനു പോകേണ്ടതാണ്. പറമ്പിക്കുളം-അളിയാർ കരാർ പുതുക്കുമ്പോൾ കുടിവെള്ളത്തിന് 0.7 ടി.എം.സി. വെള്ളം ആവശ്യമാണ്. ചിറ്റൂർ പുഴയിലെ വെള്ളം മാത്രം ആസ്പദമാക്കി 22 കുടിവെള്ള പദ്ധതികൾ നടത്തേണ്ടതുണ്ട്. അതിൽ 18 എണ്ണം കമ്മീഷൻ ചെയ്തതാണ്. ബാക്കി നാലെണ്ണം അടുത്ത് കമ്മീഷൻ ചെയ്യുന്നതാണ്. അതിൽ കൊടുംവരൾച്ച നേരിടുന്നത് കൊഴിഞ്ഞാമ്പാറ മേഖല, മുതലമട മേഖല, കൊടുവായൂർ-പുതുനഗരം മേഖല എന്നിവിടങ്ങളിലാണ്. ഇതൊക്കെക്കൂടിയാകുമ്പോൾ ഇന്ന് കരാറനുസരിച്ച് ലഭിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിന്റെ പത്തിലൊന്ന് മാത്രം കുടിവെള്ളത്തിനു വിനിയോഗിക്കേണ്ടുന്ന സ്ഥിതിയാണ്. ഈ കാര്യം കരാർ ഉണ്ടാക്കുമ്പോൾ ആലോചിച്ചിട്ടുള്ളതല്ല. അതുകൊണ്ട് കരാർ അവലോകനം ചെയ്ത് പുതിയ തീരുമാനം ഉണ്ടാകുമ്പോൾ ടോപ് പ്രയോറിറ്റി കുടിവെള്ളക്കാര്യങ്ങൾക്ക് നൽകണം. പറമ്പിക്കുളം-അളിയാർ കരാറിലെ രണ്ടാം ഷെഡ്യൂളിൽ ചിറ്റൂർ പുഴയിൽ 7250 ദശലക്ഷം ഘന അടി ഭാരതപ്പുഴ ജലം ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. വെള്ളം നമുക്ക് ലഭിക്കേണ്ടത് യഥാസമയം ലഭിക്കുന്നില്ല. കൂടാതെ കേരള ഷോളയാർ റിസർവോയറിൽ നിന്ന് 2.5 ടി.എം.സി. ജലം നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. ഈ വക കാര്യങ്ങൾ അടിയന്തിരമായി ശ്രദ്ധിക്കുകയും ഇനിയെങ്കിലും കഴിയുംവേഗം അത് നടപ്പിലാക്കുകയും ചെയ്യണം. ഇത്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേക്കറിയാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം, ജലവിഭവ വകുപ്പുമന്ത്രിക്കറിയാം, 1970-ലുണ്ടാക്കിയ കരാർ 1988-ലാണ് പുനരവലോകനം ചെയ്യേണ്ടത്. ഇപ്പോൾ വർഷം 15 ആയി. ഇക്കാര്യം എല്ലാ സഭയിലും ഉന്നയിക്കുന്നു, പരിഹാരം തേടുന്നു, പരിഹാരം ഇല്ലാതെ അലയുകയാണ്. ഈ വെള്ളമില്ലാതെ മറ്റൊരു നിലയ്ക്കും പാലക്കാടിനെ രക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് അടിയന്തിരമായി കരാർ പുതുക്കി അനുകൂലമായി നടപ്പിലാക്കണം. ഈ കരാർ കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് മുഴുവൻ കാര്യങ്ങളിലും തീരുമാനമായില്ലെങ്കിലും ആകുന്ന കാര്യങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. ഇതുസംബന്ധിച്ച് ഒരു അനുകൂല മറുപടിയും നടപടിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കി നടപടികൾ സ്വീകരിച്ചു വരികയാണ്. 1970-ൽ നിലവിൽ വന്ന പറമ്പിക്കുളം-അളിയാർ പദ്ധതി കരാറിന്റെ കാലാവധി കഴിഞ്ഞു; പുനരവലോകനം ചെയ്യേണ്ട ചില നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പം തന്നെ 10-6-2002-ൽ ചെന്നൈയിൽ നടന്ന അന്തർ-സംസ്ഥാന നദീജല ചർച്ചയിൽ പറമ്പിക്കുളം-അളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലേയും മൂന്നു പേരടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരണം നടന്നു. പുനരവലോകനം സംബന്ധിച്ച റിപ്പോർട്ട് 30-6-2003-ൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. മന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലും പ്രസ്തുത റിപ്പോർട്ടിന്മേൽ ചർച്ചകൾ നടത്തി. കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-അളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതാണ്. പറമ്പിക്കുളം-അളിയാർ പദ്ധതി കരാറിലെ ചില വ്യവസ്ഥകൾ തമിഴ്നാട് ലംഘിക്കുന്നതു സംബന്ധിച്ച് ചില വിവരങ്ങൾ സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പറമ്പിക്കുളം-അളിയാർ പദ്ധതി കരാറിൽ ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള അപാകതകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാറിയ പരിതസ്ഥിതിയിൽ കേരളത്തിനാവശ്യമായി വരുന്ന ജലത്തിന്റെ അളവനുസരിച്ച് കൂടുതൽ ജലം കേരളത്തിന് ലഭ്യമാക്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും യഥാർത്ഥത്തിൽ ഉണ്ടാകുന്ന ഈൽഡനുസരിച്ച് ജലം പങ്കുവയ്ക്കണമെന്നുള്ളതാണ് നമ്മുടെ ആവശ്യം. പറമ്പിക്കുളം-അളിയാർ പദ്ധതി കരാറിൽ ആർബിട്രേഷനു പോകാൻ വ്യവസ്ഥയുണ്ടെങ്കിലും ആർബിട്രേഷനുപോയാൽ ഒത്തുതീർപ്പിന് ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതുകൊണ്ട് ഇരു സംസ്ഥാനങ്ങളും തമ്മിൽ അനുരഞ്ജന ചർച്ചകൾ നടത്തി കരാർ ലംഘനം സംബന്ധിച്ച് ഒത്തുതീർപ്പിലെത്താനാണ് ശ്രമിക്കുന്നത്. അനുരഞ്ജന ചർച്ചകൾ പരാജയപ്പെടുകയാണെങ്കിൽ മാത്രമേ ആർബിട്രേഷന് പോകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

പറമ്പിക്കുളം-അളിയാർ പദ്ധതി കരാർ പ്രകാരം മണക്കടവ് വിയറിൽ ഇപ്പോൾ 7.25 ടി.എം.സി. ജലം ലഭിക്കുന്ന സ്ഥാനത്ത് 10 ടി.എം.സി. ജലം ലഭിക്കണമെന്ന് സാങ്കേതിക സമിതിയുടെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മണക്കടവ് വിയറിൽ ലഭിക്കുന്ന ജലം ചിറ്റൂർ പുഴയിലെ കൃഷിക്കാണ് ഉപയോഗിക്കുന്നത്. മണക്കടവ് വിയറിൽനിന്ന് കൂടുതൽ ജലം ലഭിക്കുകയാണെങ്കിൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രയാസങ്ങൾ പരിഹരിക്കാൻ സാധിക്കും. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകമായി താൽപ്പര്യമെടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, മുൻകാലത്തുണ്ടാക്കിയ കരാറിൽ കുടിവെള്ള കാര്യം പറഞ്ഞിട്ടില്ല. ഇനി കുടിവെള്ളത്തിന് ഈ സ്രോതസ്സ് അല്ലാതെ മറ്റു മാർഗ്ഗമില്ല. അതുകൊണ്ട് പുനരവലോകനം നടത്തി പുതിയ കരാർ ഉണ്ടാക്കുമ്പോൾ കുടിവെള്ളത്തിനാവശ്യമായ 0.71 ടി.എം.സി. ജലം യഥാസമയം ലഭിക്കുന്നതിനുവേണ്ട വ്യവസ്ഥകളുണ്ടാകണം.

ശ്രീ. എ. കെ. ആന്റണി: പുനരവലോകനം ചെയ്യുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും പരിശോധിക്കാം.

III. സബ്മിഷൻ

(1) വാഗമൺ പ്രദേശത്തെ കയ്യേറ്റംമൂലമുള്ള ജൈവ വൈവിധ്യ പ്രതിസന്ധി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെയും ദേശീയതലത്തിലേയും ചില പ്രമുഖ പത്രങ്ങളിലെ വാർത്തകളുടെയും ഫീച്ചറുകളുടേയുമൊക്കെ അടിസ്ഥാനത്തിൽ നമ്മുടെ മലമേഖലകളിൽ ഏറ്റവും പ്രധാനപ്പെട്ട വാഗമൺ കഴിഞ്ഞ ദിവസം ഞാൻ സന്ദർശിക്കുകയുണ്ടായി. അവിടം ജൈവ വൈവിധ്യത്തിന്റെ ഒരു കലവറയാണ്, അത് പുൽമേട് ആണെന്നുള്ളതിന്റെ കാര്യങ്ങളൊന്നും മനസ്സിലാകാതെ വെട്ടിപ്പിടുത്തത്തിന്റെ ചിന്താഗതിക്കാർക്ക് അത് വെറും ഒരു പുൽമേടാണെന്ന് തോന്നാം, എന്നാൽ ജൈവ വൈവിധ്യത്തിന്റെ ഒരു കലവറയാണ് അതെന്നാണ് സസ്യശാസ്ത്രജ്ഞന്മാരായിട്ടുള്ള ആളുകൾ പറഞ്ഞിട്ടുള്ളത്. അത് ശാന്തമായി പഠിക്കുന്ന ആളുകൾക്ക് മനസ്സിലാകും. ആ പ്രദേശം ഇപ്പോൾ വൻ കയ്യേറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മതികെട്ടാനിലുണ്ടായതിന്റെ ആവർത്തനം അവിടെ നടക്കുകയാണ്. ചില എം.എൽ.എ.-മാരുടേയും എം.പി.-മാരുടേയുംകൂടി പിന്തുണ ആ കയ്യേറ്റത്തിലുണ്ടെന്ന് അവിടെ സന്ദർശിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അവിടം അങ്ങനെ അന്യാധീനപ്പെടേണ്ട പ്രദേശമല്ല. അവിടെ ഗവൺമെന്റിന്റെ തന്നെ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കത്തെ ഉപയോഗിച്ച് വ്യക്തികളായ കയ്യേറ്റക്കാർ തുടർച്ചയായി കയറിക്കൊണ്ടിരിക്കുക മാത്രമല്ല, റിസോർട്ടുകൾ, മനോഹരങ്ങളായ കെട്ടിടങ്ങൾ തന്നെ ഇപ്പോൾ പണിതുകൊണ്ടിരിക്കുന്നു. അത് വളരെ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. 12,500 ഹെക്ടർ വരുന്ന ആ സ്ഥലം, ആ പുൽമേടുകളിൽനിന്നും മഞ്ഞായാലും മഴയായാലും വീഴുന്നതാണ് ചെറിയ അരുവികളായി, ചാലുകളായി, തോടുകളായി മീനച്ചിലാറുണ്ടായത്. അത് മീനച്ചിലാറിന്റെ പ്രഭവകേന്ദ്രമാണ്. അതുപോലെ തന്നെ പെരിയാറിലേക്ക് വെള്ളം വരുന്നത് അവിടെനിന്നുംകൂടിയാണ്. ഈ തരത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ആ പ്രദേശം വെട്ടിനിരത്തിയപ്പോൾ മീനച്ചിലാർ വരൾച്ചാ

LIBRARY ARCHIVES Kerala Legislative Assembly